# ഓഡിറ്റ് റിപ്പോർട്ട്

ഇടവാകാംഗങ്ങൾ

................................ പള്ളി

..............................................

സാമ്പത്തിക പ്രസ്താവനകളെക്കുറിച്ചുള്ള റിപ്പോർട്ട്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിയന്ത്രണത്തിലുള്ള ......................... ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന .................................. പള്ളിയുടെ 31/3/.......... ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സാമ്പത്തിക പ്രസ്താവനകളായ ബാലൻസ് ഷീറ്റ്, അയവ്യയ കണക്ക്, വരവ് ചിലവ് കണക്ക് അക്കൗണ്ടിംഗ് പോളിസികളും മറ്റു വിവരങ്ങളും ഞങ്ങൾ പരിശോധിക്കുകയുണ്ടായി. ഈ സാമ്പത്തിക കണക്കുകൾ തയ്യാറാക്കുന്നത് ഇതിന്റെ ഭരണസമിതിയുടെ ഉത്തരവാദിത്വമാണ്. ഞങ്ങൾ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ഈ കണക്കുകളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുകയാണ് ഞങ്ങളുടെ ചുമതല.

ഇന്ത്യയിൽ പൊതുവായി അംഗീകരിച്ചിട്ടുള്ള ആഡിറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഈ ആഡിറ്റ് നടത്തിയിട്ടുള്ളത്. ഈ മാനദണ്ഡങ്ങൾ പ്രകാരം സാമ്പത്തിക കണക്കുകൾ കാര്യമായ തെറ്റുകുറ്റങ്ങളിൽ നിന്നു മുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതായിട്ടുണ്ട്.

ഒരു ആഡിറ്റ് എന്നാൽ സാമ്പത്തിക കണക്കുകളിൽ ഉള്ള തുകകളുടേയും മറ്റു വസ്തുക്കളുടേയും അനുബന്ധ തെളിവുകൾ പരീക്ഷണാടിസ്ഥാനത്തിൽ പരിശോധിക്കുന്നതും ഉൾപ്പെടുന്നു. ഇതോടൊപ്പം ഭരണസമിതി നടത്തിയിട്ടുള്ള നിർണ്ണായക നിഗമനങ്ങളും കണക്കുകൾ രേഖപ്പെടുത്തുന്നതിനുപയോഗിച്ചിട്ടുള്ള തത്വങ്ങളും തിട്ടപ്പെടുത്തുകയും സാമ്പത്തിക കണക്കുകളുടെ മൊത്തത്തിലുള്ള അവതരണത്തെ അവലോകനം ചെയ്യുകയും കൂടിയാണ്.

ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് പര്യാപ്തമായ പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ നൽകിയതായ വിവരണങ്ങളും വിശദീകരണങ്ങളും അനുസരിച്ച് സാമ്പത്തിക കണക്കുകൾ ഇന്ത്യയിൽ സാധാരണയായി അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമായി ആവശ്യമുള്ള രേഖകളും വിവരങ്ങളും നൽകി സത്യവും ന്യായവുമായ കാഴ്ചപ്പാട് നൽകുന്ന രീതിയിലാണ്.

1. 31.3......... ലെ ബാലൻസ് ഷീറ്റിൽ പറഞ്ഞിരിക്കുന്ന പള്ളിയുടെ അവസ്ഥയിലും
2. പ്രസ്തുത തീയതിയിൽ തയ്യാറാക്കിയിരിക്കുന്ന അയവ്യയക്കണക്കിലെ അധിക വരുമാനം/ അധികചിലവും
3. പ്രസ്തുത തീയതിയിൽ തയ്യാറാക്കിയിരിക്കുന്ന വരവുചിലവു കണക്കിലെ വരവുകളും ചിലവുകളും തയ്യാറാക്കിയിരിക്കുന്നത് എന്ന് റിപ്പോർട്ട് ചെയ്യുന്നു.
4. മറ്റു നിയമവും നിയന്ത്രണ സ്വഭാവ സവിശേഷതകളും സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

എ. ഓഡിറ്റിനുവേണ്ടി ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ഏറ്റവും ആവശ്യമായ എല്ലാ വിവരങ്ങളും വിശദീകരണങ്ങളും ഞങ്ങൾ അന്വേഷിക്കുകയും നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

ബി. ഞങ്ങളുടെ അഭിപ്രായത്തിൽ മേൽപ്പറഞ്ഞ അഭിപ്രായം ഒഴികെയുള്ള അക്കൗണ്ടുകളുടെ നിയമപ്രകാരം ആവശ്യപ്പെടുന്ന ശരിയായ പുസ്തകങ്ങൾ സ്ഥാപനം സൂക്ഷിച്ചിട്ടുണ്ട്.

സി. ബാലൻസ് ഷീറ്റ്, അയവ്യയ കണക്ക്, വരവ് ചിലവ് കണക്ക് എന്നിവ ഈ റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിന്റെ അക്കൗണ്ട് ബുക്കുകളുമായി ഒത്തു ചേരുന്നുണ്ട്.

ഡി. ഞങ്ങളുടെ അഭിപ്രായത്തിൽ ബാലൻസ് ഷീറ്റും അയവ്യയകണക്കും അക്കൗണ്ടിംഗ് മാന ദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

സ്ഥലം

തീയതി ചാർട്ടേർഡ് അക്കൗണ്ടന്റ്.